15985
23/11/15

ഭരണഭാഷ-മാതൃഭാഷ

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

നം.20540/ഔ.ഭാ.3/15/ഉ.ഭ.പ.വ

തിരുവനന്തപുരം
തിയതി.13/11/2015

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്- സെക്രട്ടേറിയറ്റ്, സെക്രട്ടേറിയറ്റിതര വകുപ്പുകൾ, പൊതുമേഖല/അർദ്ധ സർക്കാർ/സ്വയംഭരണ/സഹകരണ സ്ഥാപനങ്ങളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും കത്തിടപാടുകളും ഇനിമേൽ മലയാളത്തിൽ മാത്രമായിരിക്കണമെന്ന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. 4/2/2006-ലെ സ.ഉ(സാധാ) നം.21/2006/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്.
2. 9/5/2012-ലെ സ.ഉ(സാധ) നം.186/2012/ഉപഭവ നമ്പർ സർക്കാർ ഉത്തരവ്.
3. 13/1/2015-ലെ സ.ഉ(അച്ചടി) നം.2/2015/ഉഭപവ നമ്പർ സർക്കാർ വിജ്ഞാപനം.

സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മാതൃഭാഷയായ മലയാളത്തിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം. ഇതിലേക്ക് പല നിർദ്ദേശങ്ങളും ഉത്തരവുകളും സർക്കാർ നൽകുകയും നൽകിവരികയും ചെയ്യുന്നുണ്ട്. എന്നാൽ ഭരണഭാഷ മലയാളമാക്കുക എന്ന ലക്ഷ്യ പ്രാപ്തിയിലെത്തുന്നതിനുള്ള പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ, സെക്രട്ടേറിയറ്റിതര വകുപ്പുകൾ, പൊതുമേഖല/അർദ്ധ സർക്കാർ/ സ്വയംഭരണ/സഹകരണ സ്ഥാപനങ്ങൾ ഇവയുടെ ഭാഗത്തു നിന്ന് ഗൗരവകരമായ സമീപനമല്ല ഉണ്ടാകുന്നതെന്ന് 11/9/2015-ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ ഔദ്യോഗികഭാഷാ ഉന്നതതല സമിതി യോഗത്തിൽ വിലയിരുത്തുകയുണ്ടായി. കൂടാതെ ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാ സമിതിയുടെ ശിപാർശകളും പ്രസ്തുത യോഗത്തിൽ ബഹു.മുഖ്യമന്ത്രി അംഗീകരിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ്, സെക്രട്ടേറിയറ്റിതര വകുപ്പുകൾ, പൊതുമേഖല/അർദ്ധ സർക്കാർ/ സ്വയംഭരണ/സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഇനിമേൽ പുറപ്പെടുവിക്കുന്ന എല്ലാവിധ ഉത്തരവുകളും സർക്കുലറുകളും മറ്റ് കത്തിടപാടുകളും മലയാളത്തിൽ മാത്രമായിരിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. അതിനാൽ

സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ ,സെക്രട്ടേറിയറ്റിതരവകുപ്പുകൾ, പൊതുമേഖല/ അർദ്ധസർക്കാർ /സ്വയംഭരണ/ സഹകരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പുറപ്പെടുവിക്കുന്ന എല്ലാവിധ ഉത്തരവുകളും സർക്കുലറുകളും മറ്റു കത്തിടപാടുകളും സർക്കാർ നയത്തിന് വിധേയമായി 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്റ്റിലെ 3(എ) പ്രകാരം ന്യൂനപക്ഷ ഭാഷ ഉപയോഗിക്കേണ്ടതും സൂചന (3)-ലെ വിജ്ഞാപനത്തിൽ വിശദീകരിച്ചിട്ടുള്ള സാഹചര്യങ്ങളിലും ഒഴികെയുള്ള എല്ലാം തന്നെ മലയാളത്തിൽ മാത്രമായിരിക്കണമെന്ന് ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുതലവൻമാരും ഇതര വകുപ്പുതലവൻമാരും പൊതുമേഖല/അർദ്ധ സർക്കാർ/സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളുടെ തലവൻമാരും പ്രസ്തുത നിർദ്ദേശം പ്രാവർത്തികമാക്കുന്നതിനായി അതീവ ശ്രദ്ധചെലുത്തേണ്ടതും ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശം നൽകേണ്ടതുമാണ്. ഔദ്യോഗികഭാഷ സംബന്ധിച്ച സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ സൂചന (1), (2) കളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം നടപടി സ്വീകരിക്കുന്നതുമാണ്. ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ച സർക്കാർ അതീവ ഗൗരവത്തോടെ കാണുന്നതാണ്.

**ജിജി തോംസൺ**
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/
സ്പെഷ്യൽ സെക്രട്ടറിമാർക്കും സെക്രട്ടേറിയറ്റിലെ ധനകാര്യം,
നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകളിലെ സെക്ഷനുകൾക്കും
ബഹു.മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാരസെൽ/സുതാര്യകേരളം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധസർക്കാർ/
സ്വയംഭരണ/സഹകരണ സ്ഥാപനങ്ങളുടെ തലവൻമാർക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ